## പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 2882.

13-03-2018 ൽ മറുപടിയ്ക്ക്

## നെൽകൃഷിയുടെ സ്പെഷ്യൽ ഇക്കണോമിക് സോണുകളും റൈസ് ബയോ പാർക്കുകളും

**ചോദ്യം**

ശ്രീ.ആർ. രാജേഷ്

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നെൽകൃഷിയുടെ സ്പെഷ്യൽ ഇക്കണോമിക് സോണായി പ്രഖ്യാപിച്ചിട്ടുള്ള പ്രദേശങ്ങൾ ഏതൊക്കെയാണെന്നും ഇതിന്റെ ഭാഗമായി നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ എന്തെന്നും അറിയിക്കുമോ; | (എ) | നെൽ കൃഷിയുടെ സ്പെഷ്യൽ ഇക്കൊണോമിക് സോണായി പ്രഖ്യാപിച്ചിട്ടുള്ള പ്രദേശങ്ങൾ ഇല്ല. എന്നാൽ നെൽ കൃഷിക്കായി ഏഴ് പ്രത്യേക കാർഷിക മേഖലകളാണ് പ്രഖ്യാപിച്ചിട്ടുള്ളത്. കുട്ടനാട്, കോൾ, പൊക്കാളി, ഓണാട്ടുകര, പാലക്കാട്, വയനാട്, കായ്പ്പാട്. അടിസ്ഥാന സൗകര്യ വികസനം നിർണ്ണായക പ്രാധാന്യമുള്ളതും മറ്റു പദ്ധതികളിലൂടെ ഏറ്റെടുത്തിട്ടില്ലാത്തതുമായ ഘടകങ്ങൾ എന്നിവയ്ക്കാണ് ആനുകൂല്യം നൽകുന്നതിനു വ്യവസ്ഥ ചെയ്തിട്ടുള്ളത്.<br>നെൽ കൃഷിക്കായി പ്രഖ്യാപിച്ച പ്രത്യേക 7 കാർഷികമേഖലകളിൽ 6 മേഖലകൾക്ക് ചുവടെ പറയും പ്രകാരം ആനുകൂല്യങ്ങൾ നൽകുന്നതിനു വ്യവസ്ഥ ചെയ്തിട്ടുണ്ട്.<br>1) കുട്ടനാട് മേഖലയ്ക്ക് പമ്പുസെറ്റുകൾ സ്ഥാപിക്കുന്നതിനു 101 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br>2) കോൾ മേഖലയ്ക്ക് പെട്ടിയും പറയും മാറ്റിവയ്ക്കുന്നതിനും, സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്നതിനും, ഭൂവസ്ത്രം ഉപയോഗിക്കുന്നതിനും, പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ സ്ഥാപിക്കുന്നതിനും അടിസ്ഥാനസൗകര്യ വികസനത്തിനുമായി |

| | | | |
|---|---|---|---|
| | | | 299.5 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br>3) പൊക്കാളി മേഖലയ്ക്ക് അടിസ്ഥാന സൗകര്യ വികസനത്തിനായി 44.31 ലക്ഷം രൂപയാണുള്ളത്.<br>4) പാലക്കാട് മേഖലയ്ക്ക് ജൈവകൃഷി, ജൈവ ബിരിയാണി അരിയുടെ ബ്രാണ്ടിങ്, കാർഷിക കർമസേന ശക്തിപ്പെടുത്തൽ, അഗ്രോ സർവ്വീസ് സെന്ററിനു യന്ത്രോപകരണങ്ങൾ വാങ്ങൽ, അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ എന്നിവയ്ക്കായി 60.82 ലക്ഷം രൂപ ഉൾക്കൊള്ളിച്ചിരിക്കുന്നു.<br>5) വയനാട് മേഖലയ്ക്ക് അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ, പരമ്പരാഗതമായി കൃഷി ചെയ്യുന്ന തനതുവിത്തിനങ്ങളുടെ സംരക്ഷണവും വർദ്ധനവും എന്നിവയ്ക്കായി 115 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്.<br>6) കായ്പ്പാട് മേഖലയ്ക്ക് അടിസ്ഥാന സൗകര്യ വികസനത്തിനായി 32.9 ലക്ഷം രൂപയാണുള്ളത്. |
| (ബി) | കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച റൈസ് ബയോ പാർക്കുകൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ അതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | ഇല്ല. റൈസ് അഗ്രോപാർക്കുകൾ ആരംഭിക്കുന്ന തിനു മുന്നോടിയായി നബാർഡിന്റെ കീഴിലുള്ള സ്ഥാപനമായ NABCON സിനെ കൊണ്ട് മുൻ കാല സാധ്യതാ പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആയതിൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | 'പച്ചക്കറി ഗ്രാമങ്ങൾ' എന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; പച്ചക്കറി ഗ്രാമങ്ങളാക്കി മാറ്റുന്നതിന് ഏതെങ്കിലും പ്രദേശങ്ങളെ തെരഞ്ഞെടുത്തിട്ടുണ്ടോ; ഇതിന്റെ ഭാഗമായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ? | (സി) | പച്ചക്കറി ഗ്രാമങ്ങൾ എന്ന പേരിൽ പദ്ധതിക്ക് അനുമതി ലഭിച്ചിട്ടില്ല. എന്നാൽ, 19/2/18 ലെ സർക്കാർ ഉത്തരവ് (എം എസ്) നം 22/2018/എ ഡി പ്രകാരം വിവിധ വിളകളിൽ സ്പെഷ്യൽ അഗ്രിക്കൾച്ചറൽ സോണുകൾ തുടങ്ങുന്നതിനു ഉത്തരവായി ട്ടുണ്ട്. ആയതു പ്രകാരം ആലപ്പുഴ ജില്ലയിലെ കഞ്ഞിക്കുഴി, ഇടുക്കി ജില്ലയിലെ ദേവികുളം, പാലക്കാട് ജില്ലയിലെ ചിറ്റൂർ-നെന്മാറ, തൃശ്ശൂർ ജില്ലയിലെ പഴയന്നൂർ എന്നീ പ്രദേശങ്ങളിൽ പച്ചക്കറിയുടെ സ്പെഷ്യൽ അഗ്രിക്കൾച്ചറൽ സോണുകൾ തുടങ്ങുന്ന തിനു ഉത്തരവായിട്ടുണ്ട്. ഈ പ്രദേശങ്ങളിൽ പച്ചക്കറി കൃഷി കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുക, ക്ലസ്റ്റർ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുക വിപണന സൗകര്യ |

ങ്ങൾ വർദ്ധിപ്പിക്കുക എന്നിവയാണ് പ്രവർത്തന ലക്ഷ്യങ്ങൾ.

2017-18 ൽ മേല്പറഞ്ഞ സർക്കാർ ഉത്തരവ് അനുസരിച്ച് പച്ചക്കറി കൃഷിക്ക് ആകെ 219.47 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ടി തുക അടിസ്ഥാന സൗകര്യ വികസനത്തിനും ക്രിട്ടിക്കൽ ഗ്യാപ്പ് ഫില്ലിങ്ങിനുമായിട്ടാണ് ഉപയോഗിക്കുവാൻ ഉദ്ദേശിക്കുന്നത്. ഓരോ മേഖലയ്ക്കും അനുവദിച്ചിട്ടുള്ള തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| കഞ്ഞിക്കുഴി | 51.78 ലക്ഷം രൂപ |
| ദേവികുളം | 76.45 ലക്ഷം രൂപ |
| ചിറ്റൂർ-നെന്മാറ | 71.24 ലക്ഷം രൂപ |
| പഴയന്നൂർ | 20.00 ലക്ഷം രൂപ |
| ആകെ | 219.47 ലക്ഷം രൂപ |

സെക്ഷൻ ഓഫീസർ